

*മാതൃഭൂമി, 1125 ഇടവം 28 1948 ജൂൺ 10*

# 685 വയസ്സായ അത്ഭുതമനുഷ്യൻ

## 13 പ്രാവശ്യം ശരീരം മാറിയെടുത്ത പ്രഭാകര സിദ്ധയോഗിയെപ്പറ്റി ചില വിവരങ്ങൾ

എറണാകുളം, ജൂൺ 7.

**ക**റുത്തിരുണ്ട് ഉറച്ച ശരീരത്തോടുകൂടി ഒരു യുവാവ്, വെറും ഒരു കൗപീനധാരിയായ പൂണുനൂൽക്കാരൻ, രണ്ട് മൂന്ന് ദിവസങ്ങളായി മട്ടാഞ്ചേരിയിൽ സഞ്ചരിച്ചുവന്നിരുന്നതായി കേട്ടു. അദ്ദേഹത്തിന് 750 വയസ്സ് കഴിഞ്ഞിട്ടുണ്ടെന്നും മറ്റുമുള്ള ജനസംസാരവും പ്രചരിച്ചിരുന്നു. ചില പത്രങ്ങളിലും ഇത്തരം റിപ്പോർട്ടുകൾ പ്രസിദ്ധം ചെയ്തിരുന്നു.

ഇതിനെയെല്ലാം ആസ്പദിച്ച് ഞങ്ങളുടെ ലേഖകൻ ഈ അസാധാരണ മനുഷ്യനെ കണ്ട് നേരിട്ട് വിവരം ഗ്രഹിക്കുവാൻവേണ്ടി പോകുകയുണ്ടായി. വളരെ ക്ലേശിച്ചതിനുശേഷമാണ് അദ്ദേഹത്തെ കണ്ടെത്തുവാൻ സാധിച്ചത്. അന്വേഷണങ്ങളുടെ ഫലമായി മഹാകവി പള്ളത്തിന് ഈ മനുഷ്യനെ കുറെ മുമ്പുതന്നെ പരിചയമുണ്ടെന്നും, ഈ ദിവസങ്ങളിൽ മഹാകവിയുടെ വീട്ടിൽ അദ്ദേഹം ചെന്നിട്ടുണ്ടെന്നും അറിവായതുകൊണ്ട് ഈ

ലേഖകൻ മഹാകവി പള്ളത്തിനെ ചെന്ന് കണ്ടു. അവിടെ ആ സമയം ഈ മനുഷ്യൻ ഉണ്ടായിരുന്നില്ല. എങ്കിലും മഹാകവിയിൽനിന്നും അദ്ദേഹത്തെക്കുറിച്ച് ലഭിച്ച വിവരങ്ങൾ തന്നെ അത്യത്ഭുതകരങ്ങളായിരുന്നു. കണ്ടാൽ ഒരു മുപ്പത് വയസ്സ് മാത്രം പ്രായം തോന്നിക്കുന്ന ഈ മനുഷ്യൻ എഴുന്നൂറ് വയസ്സോളം പ്രായം വരുമെന്നാണ് പറയപ്പെടുന്നതത്രെ. പല അത്ഭുതസിദ്ധികളും ഉണ്ടെന്നും ഒറ്റമൂലികാപ്രയോഗം കൊണ്ട് വിസ്മയനീയമായ വിധം രോഗശാന്തി വരുത്തുന്നുണ്ടെന്നും ഒട്ടനേകം മഹാന്മാർ ഇദ്ദേഹത്തെ വളരെ മുമ്പുതന്നെ അറിഞ്ഞ് ആരാധിച്ചുവരുന്നുണ്ടെന്നും മറ്റുമായിരുന്നു മഹാകവിയുടെ കഥ.

ഈ അത്ഭുതമനുഷ്യനെ കണ്ടെത്തുവാൻ വേണ്ടി മഹാകവി സ്വപുത്രന്മാരെ നാലുപാടും നിയോഗിച്ചയയ്ക്കയും ഒടുവിൽ കണ്ടുപിടിച്ച് ഞങ്ങൾ തമ്മിൽ പരിചയപ്പെടുത്തിത്തരികയും ചെയ്തു. കാഴ്ചയിൽ അസാധാരണമായി ഒന്നുംതന്നെ തോന്നുകയില്ല. ക്ഷൗരം ചെയ്യാതെ താടി വളർന്നിട്ടുണ്ട്. തലമുടി നെറുകയിൽ 8 ഇഞ്ചോളം നീളം വരുന്ന ഒരു കുറ്റിപോലെ കെട്ടി നിറുത്തിയിട്ടുണ്ട്. ഒരു സൈക്കിളിൻമേൽ കയറിയാണ് വന്നത്. സൈക്കിൾ അനങ്ങുന്നില്ലെന്ന് തോന്നത്തക്കവിധം അത്ര പതുക്കെയാണ് ചവുട്ടി വന്നിരുന്നതെങ്കിലും ഏറ്റവും ക്രമമായും യാതൊരു വെട്ടലും വളച്ചലും കൂടാതെയുമാണ് വന്നിരുന്നത്.